K25FY4023 Pages: 2 Reg No:..................

Name:..................

# First Semester FYUGP Degree (Reg/Sup) Examination

## November 2025

## KU1AECMAL101 - RACHANAYUM SAHITHYAPADANAVUM

2024 Admission onwards

Time : 1.5 hours Maximum Marks : 35

### Section A

**Answer any 6 questions. Each carry 2 marks.**

1. "ആ സായിപ്പിന്റെ ഉപദേശം സ്വീകരിക്കാത്തത് മായത്തരമായിപ്പോയോ" - എന്തായിരുന്ന ആ ഉപദേശം?

2. അമ്മ മരിച്ചപ്പോൾ കവിക്ക് ആശ്വാസമാകുന്നത് എന്തെല്ലാം കാരണങ്ങളാലാണ് ?

3. `ഹിമവാൻ എന്ന പ്രസിദ്ധമായ തീക്കപ്പലിൽ എന്നെ രണ്ടാമത്തെ ശില്പി ശാസ്ത്രിയായി നിയമിച്ചതിനാൽ ആയത് ഒരു വിധം സാധിക്കാൻ സംഗതിയായി ' ഏത്?

4. ആശയവിപുലനം ചെയ്യുക
   സ്നേഹിക്കയുണ്ണീ നീ
   നിന്നെ ദ്രോഹിക്കുന്ന
   ജനത്തെയും '

5. ഇൻസ്റ്റഗ്രാം - ലഘുകുറിപ്പെഴുതുക

6. കർക്കിടകം എന്ന കഥയിൽ മഴയെ എന്തിന്റെ സൂചകമായിട്ടാണ് ഉണ്ണി നിരീക്ഷിക്കുന്നത് ?

7. 'നാടു നാകമാക്കീടുവാൻ വെമ്പും
   നാഥരേൽപ്പിച്ചൊരീപ്പണികൊള്ളാം ' - ഈ വാക്കുകൾക്ക് പിന്നിലെ മനോവികാരമെന്ത് ?

8. തുംഗനാഥിലേക്കുള്ള യാത്രയിൽ ജോൺ എന്ന സായിപ്പിനെപ്പറ്റി എഴുത്തുകാരൻ നൽകുന്ന വിവരണങ്ങൾ എന്തൊക്കെ ?

### Section B

**Answer any 4 questions. Each carry 4 marks.**

9. ആശയം വിപുലീകരിക്കുക
   'ഒരു കണ്ണീർക്കണം മറ്റുള്ളവർക്കായ് ഞാൻ പൊഴിക്കവേ
   ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം.'

10. ദേവദാസിസമ്പ്രദായത്തിന്റെ അവശേഷിപ്പുകളെ നേരിട്ട് അടയാളപ്പെടുത്തുകയാണ് അരുൺ എഴുത്തച്ഛൻ - വിശദീകരിക്കുക

11. മനുഷ്യന്റെ കർമ്മശേഷിയുടെ അനന്തസാധ്യതകളെ തുറന്നുകാട്ടുന്ന കവിതയാണ് മലതുരക്കൽ - ചർച്ച ചെയ്യുക



Don Bosco Arts and Science College Library
Angadikadavu, Kannur
lib.donbosco.ac.in

12. 'നിങ്ങളുടെ മഹാഭാരതത്തിലും ശിശുപാലവധത്തിലും മറ്റും വളരെ വിസ്തരിച്ച് വർണ്ണിച്ചിട്ടുള്ള ദ്വാരക ഏതാണ്ട് ഈ ദിക്കിൽ ആയിരിക്കുമെന്നാണ് പശ്ചിമഘട്ടത്തിലെ പല പണ്ഡിതന്മാരുടെയും അഭിപ്രായം'- സന്ദർഭവും ആശയവും വിശദമാക്കുക.

13. തലമുറകളായി അന്യത്വവും അമ്പരപ്പും പേറിക്കഴിയുന്ന ഹതഭാഗ്യർ എന്ന് ഇറ്റിറ്റിപ്പുള്ളിനെ വിശേഷിപ്പിക്കാൻ കാരണമെന്ത് ?വ്യക്തമാക്കുക?

14. കൗസല്യയിൽ മാതൃഭാവം തിരയുന്ന ദശരഥന്റെ മനോവികാരങ്ങൾ വിലയിരുത്തുക.

## Section C

**Answer any 1 questions. Each carry 7 marks.**

15. ഉപന്യാസം തയ്യാറാക്കുക:വികസനവും പരിസ്ഥിതിയും

16. മലയാളത്തെയും മലയാളിയെയും പൊതുധാരയിൽ നിന്നും മാറ്റി നിർത്തുന്ന പ്രവണതയുടെ ബാക്കിപത്രമാണ് ബാബേൽ എന്ന കഥ. വിശദീകരിക്കുക

Library
Don Bosco Arts and Science College
Angadikadavu, Kannur
lib.donbosco.ac.in